# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8-1431/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 23/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എഴുമറ്റൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി8-1431/2022 തീയ്യതി: 23/01/2023

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2021 മുതൽ 13-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 14-12-2022 | 24-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-12-2022 | 24-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സിന്ധുമോൾ വി എൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശോഭ മാത്യൂ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ജയൻ പി കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സലിം എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. നന്ദകുമാർ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. മായ രാജഗോപാൽ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി ഫാൻസി നാസർ | അസിസ്റ്റന്റ് കൃഷി ഓഫീസർ (കൃഷി ഓഫീസറുടെ ചുമതതല) | 01-04-2021 | 31-03-2022 |
| ഡോ. കണ്ണൻ എ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. അർച്ചന എസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 09-09-2021 |
| ഡോ. ഷാനു ഹസ്സൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-09-2021 | 31-03-2022 |
| ശ്രീമതി ഉഷ കെ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു എസ് | പ്രഥമാദ്ധ്യാപിക, ജി.എൽ.പി.എസ്, തെള്ളിയൂർ | 01-04-2021 | 12-12-2021 |
| ശ്രീമതി ജയ എസ് നായർ | പ്രഥമാദ്ധ്യാപിക, ജി.എൽ.പി.എസ്, തെള്ളിയൂർ | 13-12-2021 | 31-03-2022 |
| ശ്രീമതി വിദ്യ എസ് | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. നിധീഷ് ചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2021 | 15-02-2022 |
| ശ്രീ. ശ്യാംകുമാർ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 16-02-2022 | 31-03-2022 |
| ശ്രീ. നിധീഷ് ചന്ദ്രൻ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2021 | 21-09-2021 |

| | | | |
|---|---|---|---|
| | ഓഫീസർ-2 | | |
| ശ്രീമതി ഷിഫാന എസ് സത്താർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 22-09-2021 | 31-03-2022 |
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 15-09-2021 |
| ശ്രീ. ശ്രീകുമാർ ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 16-09-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ | 1-11 |
| 12 | തൊഴിൽനികുതി പിരിവ് അപാകങ്ങൾ | 1-12 |
| 13 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 14 | തേക്ക് മരം ലേലം ചെയ്തിട്ടില്ല | 1-14 |
| 15 | അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം | 1-15 |
| 16 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-16 |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി | 1-17 |
| 18 | വസ്തുനികുതി നിർണ്ണയത്തിൽ അപാകത | 1-18 |
| 19 | കൊമേഴ്ഷ്യൽ കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിൽ അപാകത | 1-19 |
| 20 | ആവശ്യമായ പാർക്കിംഗ് സ്ഥലം ഇല്ലാത്ത കെട്ടിടത്തിന് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി | 1-20 |
| 21 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി പദ്ധതി നിർവ്വഹണത്തിൽ അപാകത | 1-21 |
| 22 | കിടാരി വളർത്തൽ പദ്ധതി- സബ്സിഡി അധികമായി നൽകി | 1-22 |
| 23 | CARD-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി | 1-23 |
| 24 | കമ്പ്യൂട്ടർ, പ്രിന്റർ, മോണിട്ടർ വാങ്ങൽ- രേഖകളുടെ അഭാവം | 1-24 |
| 25 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല | 1-25 |
| 26 | ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-26 |
| 27 | മരുന്നുകളും ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല | 1-27 |

| | | |
|---|---|---|
| 28 | ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ നടത്തി | 1-28 |
| 29 | ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- അധിക തുക നൽകിയത് അംഗീകരിയ്ക്കുന്നില്ല | 1-29 |
| 30 | മഴക്കാലപൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 31 | മരുന്ന് വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സ്റ്റേഷനറി വാങ്ങിയത് ക്രമപ്രകാരമല്ല | 1-31 |
| 32 | പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണം നൽകിയതിന് രേഖകളില്ല | 1-32 |
| 33 | പിടിച്ച് വച്ച ഓണറേറിയം തുക തിരികെ നൽകിയത് ക്രമപ്രകാരമല്ല | 1-33 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- രേഖകൾ പൂർണ്ണമല്ല | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

8667881/- രൂപ മുന്നിരിപ്പും 129330619/- രൂപ വരവും 136815200/- രൂപ ചെലവും 1183300/- രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് 17.2.2021-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 23.3.2022-ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 22.6.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. പ്രസ്തുത വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു-

1.ഷെഡ്യൂൾ ബി-3-ൽ 2020-21-ലെ വാർഷിക ധനകാര്യ പത്രികയിലെ തുക തന്നെയാണ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ (31875805/) ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായ തുക ഇവിടെ ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-4-ൽ Grants, Funds & Contributions For Specific Purposes – Other Government Agencies, Contributions For JointVenture Projects (For Revenue Expenditure)- From Block Panchayats, Contributions For Joint Venture Projects (For Revenue Expenditure)- From District Panchayats, Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats എന്നിവയുടെ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

3. ഷെഡ്യൂൾ ബി-5-ൽ ലോൺ തുക ഒടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളത് 3699674/രൂപയാണ്, എന്നാൽ വർഷാവസാനം 3405556/- രൂപ മാത്രമാണ് ഒടുക്കാൻ അവശേഷിക്കുന്നത്.

4. സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ഷെഡ്യൂൾ I-6-ൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകൾ സേവന പെൻഷൻ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ഡെപ്പോസിറ്റിന്റെ വാർഷിക സംക്ഷിപ്തം തയ്യാറായിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധയിനം ഡെപ്പോസിറ്റ് ബാലൻസുകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

6. ഷെഡ്യൂൾ I-6-ൽ MGREGA-ൽ ലഭ്യമാക്കിയിട്ടുള്ള കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. വസ്തു നികുതിയിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9830799 |
| വരവ് | 52126300 |
| ആകെ | 61957099 |
| ചെലവ് | 53181366 |
| നീക്കിയിരിപ്പ് | 8775733 |

## 1-4 ഗ്രാന്റ് വിനിയോഗം

| *ഗ്രാന്റ്* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11707253 | 11707253 | 11496084 | 211169 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 3795937 | 3795987 | 2740599 | 1055338 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 17407 | 17407 | 0 | 17407 |
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3982000 | 3982000 | 915300 | 3066700 |

| | | | | | |
|---|---|---|---|---|---|
| ധനകരാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 2450352 | 2450352 | 2440691 | 9661 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5131000 | 5131000 | 3945120 | 1185880 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5497500 | 5497500 | 4052019 | 1445481 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 15529 | 0 | 15529 | 0 | 15529 |
| PYCKA | 73000 | 0 | 73000 | 0 | 73000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 156679 | 540852 | 697531 | 663127 | 34404 |
| സമ്പൂർണ്ണ ശുചിത്വം | 167000 | 0 | 167000 | 0 | 167000 |

പഞ്ചായത്ത് സമർപ്പിച്ച ഗ്രാന്റ് പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു-

1. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 919800/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 308001/- രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ലൈഫ് മിഷൻ വായ്പ തിരിച്ചടവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 58666/- രൂപ വികസന ഫണ്ട് (എസ്.സി.പി) വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

2021-22 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 186 | 71360898 | 142 | 35786942 | 44 | 50.15 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* |
|---|---|---|---|---|
| സെക്രട്ടറി | 35 | 25 | 7456058 | 4464205 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 2161252 | 1866671 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 49 | 16730878 | 9279390 |
| കൃഷി ഓഫീസർ | 14 | 13 | 3946692 | 2478224 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 9 | 6 | 3419500 | 919800 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 13 | 9 | 23369800 | 6256618 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 3027700 | 2567997 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 15 | 14 | 3445838 | 2647774 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 3 | 3 | 963587 | 956280 |
| പ്രഥമദ്ധ്യാപിക | 3 | 2 | 650000 | 542283 |

| | | | | |
|---|---|---|---|---|
| ജി.എൽ.പി.എസ് | | | | |
| വെറ്ററിനറി സർജൻ | 6 | 6 | 2380018 | 2349635 |
| ഡെയറി ഫാം ഇൻസ്പെക്ടർ | 2 | 2 | 2000000 | 1359940 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 2 | 1809575 | 98125 |
| ആകെ | 186 | 142 | 71360898 | 35786942 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 156679 | 540852 | 697531 | 663127 | 34404 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19001529 | 19001529 | 19001529 | 0 |
| ആകെ | 156679 | 19542381 | 19699060 | 19664656 | 34404 |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2165 | 30127800 |
| വിധവാ പെൻഷൻ | 515 | 7782700 |
| കർഷക തൊഴിലാളി പെൻഷൻ | 220 | 3315400 |
| മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 227 | 3505700 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 161200 |

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 23-12-2022തീയതിയിൽ 3.00 PMന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 4401/- ( നാലായിരത്തി നാനൂറ്റി ഒന്ന് ) രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ വാർഷിക സംക്ഷിപ്തവും തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിവരങ്ങൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അഗതി രഹിത കേരളം പദ്ധതി കേവലം ഭക്ഷണ വിതരണത്തിന് മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു. ഓഡിറ്റ് വർഷം പദ്ധതിയ്ക്കായി നൽകിയ വികസന ഫണ്ട് പോലും ഭക്ഷണ വിതരണത്തിനാണ് ചെലവഴിച്ചിട്ടുള്ളത്. പൊതു ടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക, തെരുവ് വിളക്കുകളുടെ മീറ്ററിംഗ് പ്രവൃത്തി എന്നിവയിൻമേൽ പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.7.2018 മുതൽ 11.7.2018 വരെ | 2013-14 മുതൽ 2017-18 വരെ | 10.8.2018 |
| പെർഫോമൻസ് ഓഡിറ്റ് | 20.6.2022 | 1/2022 മുതൽ 3/2022 വരെ | 26.11.2022 |

## 1-11 രസീതുബുക്കുകളുടെ പരിപാലനത്തിലെ അപാകങ്ങൾ

2021-22 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീതുബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണോദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്ന എല്ലാ രസീതുബുക്കുകളിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് , ആർക്കാണ് വിതരണം ചെയ്തിരിക്കുന്നത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. (ഉദാ. രസീത് ബുക്ക് നം. 7333 )

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ. ബുക്ക് നം.7335,7338,7343)

3. രസീത് ബുക്ക് നം 7334 ലെ ക്യാൻസൽ ചെയ്ത 47 , 48 നം രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽസൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-12 തൊഴിൽനികുതി പിരിവ് അപാകങ്ങൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.
ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന തൊഴിൽനികുതി രജിസ്റ്റർ, റിട്ടേണുകൾ മുതലായ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. റേഷൻ കടകൾ, ക്ഷീരസംഘങ്ങൾ, അക്ഷയകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല .

ഗ്രാമപഞ്ചായത്ത്പരിധിയിലുള്ള 15 റേഷൻ കടകൾ, 4 ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ ഈ സ്ഥാപനങ്ങളിലെ ജിവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അക്ഷയകേന്ദ്രങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. തുടർ വർഷങ്ങളിൽ അക്ഷയകേന്ദ്രങ്ങളുടെ വിവരം ശേഖരിച്ച് ഈ കേന്ദ്രങ്ങളിൽ തൊഴിൽ ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. 2021-22 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെപേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | കാച്ചാണത്ത് മിനറൽസ്& മെറ്റൽസ് | 15 |
| 2 | സെന്റ്.ഗ്രിഗോറിയസ് ക്രഷർ | 6 |

| | | |
|---|---|---|
| 3 | പൈക്കരയിൽ ക്വാറി | 10 |
| 4 | ലക്ഷ്മി സ്റ്റോൺ ഇൻഡസ്ട്രീസ് | 10 |

3. ദൈവസഹായം ക്വാറി എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/22.12.2022) ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. <u>മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ എടുത്തിട്ടുള്ള താഴെപ്പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അർദ്ധവർഷം |
|---|---|---|
| 1 | മാത്യു കെ ചാക്കോ | I & II |
| 2 | രമണൻ കെ.കെ | I & II |
| 3 | റെനി കുര്യൻ | I & II |
| 4 | ടോബി ഫിലിപ്പ് തമ്പി | I & II |
| 5 | രഞ്ജിത്ത് ചന്ദ്രൻ | I & II |
| 6 | കെ.ഒ.സാബു | I & II |
| 7 | ജോൺ തോമസ് | I & II |
| 8 | പ്രസാദ് എ | I & II |
| 9 | ജേക്കബ് കുര്യൻ | I & II |
| 10 | മാത്യു കെ.എം | I & II |
| 11 | കെ.എം.ജോർജ്ജ് | I & II |
| 12 | ബിനു.കെ. എബ്രഹാം | I & II |
| 13 | അനിൽ കുമാർ വി.ബി | I & II |
| 14 | ടിങ്കു ജോൺ തമ്പി | I & II |
| 15 | ജിബി.എം.മാത്യു | I & II |
| 16 | സുനിൽ എം ജി | I & II |
| 17 | എഡ്വിൻ എബ്രഹാം മാത്യു | I & II |
| 18 | ചെറിയാൻ വർഗ്ഗീസ് | I & II |
| 19 | രമേഷ് കെ.കെ | I & II |
| 20 | മൊഹ്സിൻ എൻ ബഷീർ | I & II |

മേൽ പരാമർശിച്ചിട്ടുള്ള കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. ഓഡിറ്റ് വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ പിരിവിന്റെ രേഖപ്പെടുത്തലുകൾ പൂർണ്ണമാക്കുകയോ വാർഷിക സംഗ്രഹമെഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തൊഴിൽ നികുതി സംബന്ധിച്ച അർദ്ധവാർഷിക റിട്ടേൺ സ്റ്റേറ്റ്മെന്റുകൾ കൃത്യമായി അടുക്കി സൂക്ഷിച്ചിട്ടില്ല. തുടർവർഷങ്ങളിൽ ടി അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം, തൊഴിൽ നികുതി കൃത്യമായി അസസ്സ് ചെയ്യുന്നതിനും അസസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമായി.

1.അക്ഷയകേന്ദ്രങ്ങൾ - നിലവിൽ പഞ്ചായത്തിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന കൃത്യമായ കണക്ക് ഗ്രാമപഞ്ചായത്തിലില്ല. തൻവർഷം ഈ സ്ഥാപനത്തിന്റെ ലൈസൻസ് എടുക്കുകയോ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. തുടർ വർഷങ്ങളിൽ ഇത് കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.റേഷൻ റീട്ടെയിൽ ഷോപ്പ്

നിലവിലെ ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2021) അറിയിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പ്രതിപാദിച്ചിരുന്നെങ്കിലും നികുതി ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുമായിരുന്ന നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് ഭരണസമിതിയും പരിഗണിച്ച് ഈ വിഷയത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

3.ക്ഷീരോൽപ്പാദക സഹകരണ സംഘം – പഞ്ചായത്ത് പരിധിയിലുള്ള 4 ക്ഷീര സംഘങ്ങളിൽ ഇടയ്ക്കാട് ക്ഷീരസംഘം മാത്രമാണ് തൻവർഷം ലൈസൻസ് എടുത്തിരിക്കുന്നത്. തെള്ളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം,എഴുമറ്റൂർ ക്ഷീരോല്പാദക സഹകരണ സംഘം, വാളക്കുഴി ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയെക്കൂടി ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻഡ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ കുറവ് വരുന്നു. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 തേക്ക് മരം ലേലം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള തെള്ളിയൂർ പി.എച്ച്.സിയുടെ ഭാഗത്തുള്ള പുറമ്പോക്ക ഭൂമിയിൽ കടപുഴകി വീണ തേക്കുമരത്തിന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ കാര്യാലയത്തിൽ നിന്നും 14.09.2021 ൽ നം എസ്.എഫ്.പി.എ. 2-2208/2021 കത്ത് പ്രകാരം 36,333/-രൂപ വാല്യുവേഷൻ നിശ്ചയിച്ച നൽകിയിട്ടുണ്ട്. ടി മരത്തിന്റെ ലേല വിവരം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7 /20.12.2022) ലേല നടപടികൾ സ്വീകരിച്ചിട്ടില്ലെന്നും കാലതാമസം കൂടാതെ നടപ്പിലാക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലേലം നടത്തി ടി തുക തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം അനിവാര്യം

ഗ്രാമപഞ്ചായത്തിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 13 അങ്കണവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 8 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളിലും ടോയ്‌ലറ്റ്, ഗ്യാസ് കണക്ഷൻ എന്നിവയും 11 അങ്കണവാടികൾക്ക് ചുറ്റുമതിലും ഉണ്ട്. പൈപ്പ് കണക്ഷൻ 6 അങ്കണവാടികളിൽ മാത്രമാണുള്ളത്.52-ാം നമ്പർ അങ്കണവാടിക്ക് പൈപ്പ് കണക്ഷൻ ലഭിച്ചിട്ടുണ്ടെങ്കിലും ജലം ലഭ്യമാകുന്നില്ല. എല്ലാ അങ്കണവാടികളിലും കുടിവെള്ള പ്രശ്നം, ഫർണിച്ചർ, പാത്രങ്ങൾ എന്നിവയുടെ ദൗർലഭ്യവും നേരിടുന്നുണ്ട്. കംപ്യൂട്ടർ, റേഡിയോ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിലും ഇവ പ്രവർത്തനരഹിതമാണെന്നും , 46ാം നമ്പർ അങ്കണവാടിക്ക് (കാരമല) ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കുന്നതിന് ധാന്യ സംഭരണിയില്ലെന്നും ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളുടെ കതക് , ജനൽ, ടോയ്‌ലറ്റ് എന്നിവ ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണ്.

പതിമൂന്നാം പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി ഭൂമിയും കെട്ടിടവും ലഭ്യമാക്കും എന്ന

നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്) നം.11/2018/തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 7.8.2ൽ നിഷ്കർഷിച്ചിട്ടുണ്ട്. 50-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാധ്യതയുള്ളതായി ഐ.സി.ഡി.എസ്.സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 8 അങ്കണവാടികളാണ് പഞ്ചായത്തിലുള്ളത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അധിക വാടക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. വകുപ്പിൽ നിന്നും(ഐ.സി.ഡി.എസ്.)പ്രതിമാസം 1000 രൂപ മാത്രമാണ് നൽകുന്നത്. അധികമായി നൽകേണ്ടിവരുന്ന തുക അങ്കണവാടി വർക്കർമാർ തന്നെയാണ് നൽകുന്നത്.

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം, അധിക വാടക നൽകുന്നതിന് ഫണ്ട്, എല്ലാ അങ്കണവാടികൾക്കും കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാല സൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിന് പഞ്ചായത്ത് അധികൃതർ പ്രത്യേക പരിഗണന നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-16 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരങ്ങളും പഞ്ചായത്തിൽ നിന്നും ഓഡിറ്റ് കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങിയവരുടെ ലിസ്റ്റും പരിശോധിച്ചതിൽ നിന്നും ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം നടത്തിയായി കണ്ടെത്തിയിട്ടുണ്ട്.ഏതാനും ഉദാഹരണങ്ങൾചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി | മരിച്ച തീയതി/ രജി.നം | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തതു തുക |
|---|---|---|---|---|---|---|
| 1 | ലക്ഷ്മിക്കുട്ടിയമ്മ, പാറയിൽ,എഴുമറ്റൂർ | കർഷകതൊഴിലാളി പെൻഷൻ | *********057 | 13.01.2020/14/20 | 10/2019 To 11/22 | 55800/- |
| 2 | ആനന്ദവല്ലിയമ്മ, ആനന്ദ ഭവനം, തെള്ളിയൂർ പി.ഒ | വാർദ്ധക്യകാല പെൻഷൻ | *********257 | 18.01.2020 1/20 | 10/2019 To 11/22 | 59000/- |
| 3 | പെണ്ണമ്മ ജോസഫ്, കോയിപ്പുറത്ത്, ചുഴന | വിധവ പെൻഷൻ | *********413 | 11.12.2020 3/21 | 12/2020 To 11/22 | 37900/- |
| 4 | പൊന്നമ്മ രാധാകൃഷ്ണൻ, കണനിൽക്കും കാലായിൽ, തടിയൂർ പി.ഒ | വിധവ പെൻഷൻ | *********313 | 29/06.2020 67/20 | 5/2020 To 11/22 | 18600/- |
| 5 | ഭാരതിയമ്മ, പുളിച്ചിമാങ്കൽ പുതിയവീട്,തെള്ളിയൂർ പി.ഒ | വാർദ്ധക്യകാല പെൻഷൻ | *********433 | 09.02.2021 49/21 | 2/2021 To 11/22 | 35000/- |
| 6 | ഉണ്ണികൃഷ്ണൻ നായർ,പാണല്ലൂർ വീട് | വാർദ്ധക്യകാല പെൻഷൻ | *********674 | 15.02.2021 47/21 | 2/2021 To 11/22 | 35000/- |
| 7 | സാറാമ്മ വർഗ്ഗീസ്,താന്നിക്കൽ, തെള്ളിയൂർ പി.ഒ | വാർദ്ധക്യകാല പെൻഷൻ | *********495 | 08.05.20/ 49/20 | 06/2020 11/22 | 48500/- |
| 8 | ജാനകി | വാർദ്ധക്യകാല പെൻഷൻ | *********055 | 13.03.2022/50/22 | 03/2022 To 11/2022 | 14400 |
| 9 | മറിയാമ്മ ജോൺ | കർഷകതൊഴിലാളി പെൻഷൻ | *********418 | 01.08.2020/84/2020 | 05/2020 To11/2022 | 47300/- |

| | | | | | | |
|---|---|---|---|---|---|---|
| | അരീക്കപ്പറമ്പിൽ ,നാരകത്താനി പി.ഒ,വെണ്ണിക്കുളം | | | | | |
| 10 | ഷീബ തോമസ്സ് | ഡിസബിലിറ്റി പെൻഷൻ | *********106 | 05.11.2020/99/2020 | 11/2020 To11/2022 | 39300/- |
| 11 | ഏലിയാമ്മതോമസ് | വാർദ്ധക്യകാല പെൻഷൻ | *********073 | 23.04.2019 39/2019 | 08/2019-11/2022 | 62000/- |
| 12 | പ്രഭാകരൻ നായർ | വാർദ്ധക്യകാല പെൻഷൻ | *********722 | 25/10/19 106/19 | 08/2019-11/2022 | 62000/- |
| 13 | തങ്കമ്മ തങ്കപ്പൻ നായർ | വാർദ്ധക്യകാല പെൻഷൻ | *********885 | 28.02.2019 24/2019 | 08/2019-11/2022 | 62000/- |
| 14 | ഓമൽ രാമൻ | വാർദ്ധക്യകാല പെൻഷൻ | *********571 | 7.04.2021 6/2022 | 05/2021 11/2022 | 30400/- |
| 15 | വിശ്വനാഥൻ നായർ എ ആർ | വാർദ്ധക്യകാല പെൻഷൻ | *********641 | 12/10/2020 18/2021 | 1/2020 To 11/22 | 39300/- |

മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണെന്ന് 23.09.2020-ലെ സ.ഉ.(എം.എസ്.) നം.97/2020/ധന നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

ഓഡിറ്റിന ലഭ്യമായ റിപ്പോർട്ടുകളുടെ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ ഗുണഭോക്താക്കളുടെ വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ടി. ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ഭാവിയിൽ ആവർത്തിക്കാതെയിരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 മൊബൈൽ ടവറുകളുടെ വസ്തുനികുതി

ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ഗണ്യമായ തുക ഈടാക്കാനുള്ളതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | കെട്ടിട നമ്പർ | അടിസ്ഥാന വസ്തുനികിതി | ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വസ്തു നികുതി |
|---|---|---|---|---|---|
| 1 | ഡിഷ്നെറ്റ് വയർലസ്സ് ലിമിറ്റഡ് | 5/1 | 13718 | 2013-14 മുതൽ 2021-22 വരെ ( 9 വർഷം) | 123462 |
| 2 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 7/1 | 8400 | 2020-21 മുതൽ 2021-22 വരെ ( 2 വർഷം) | 16800 |
| 3 | എസ്സാർ ടെലികോം ലിമിറ്റഡ് | 9/1 | 34200 | 2021-22 ( 1വർഷം) | 34200 |
| 4 | റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 9/2 | 16200 | 2021-22 ( 1 വർഷം) | 16200 |

ടി ടവർ ഉടമകളിൽ നിന്നും അടിസ്ഥാന വസ്തു നികുതിയോടൊപ്പം 5% ലൈബ്രറി സെസ്, 37% സേവന നികുതി എന്നിവ കൂടി ഈടാക്കേണ്ടതാണ്. ഇപ്രകാരം മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-18 വസ്തുനികുതി നിർണ്ണയത്തിൽ അപാകത

ഗ്രാമപഞ്ചായത്തിലെ 1-ാം വാർഡിൽ സർവ്വെ നം- 168/4-1,168/4-2 സ്ഥലത്ത് ശ്രീമതി ഏലിയാമ്മ തോമസ്, എരുത്തിക്കാട്ടിൽ ഹൗസ്, തടിയൂർ.പി.ഒ എന്നിവരുടെ ഉടമസ്ഥതയിൽ 149.11 ച.മീ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് നമ്പരിട്ട് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ഹോളോ ബ്രിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നതിനായി ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഗണത്തിൽപ്പെടുത്തിയാണ് പ്രസ്തുത കെട്ടിടത്തിന് നമ്പരിട്ട് നൽകിയത്. പ്രസ്തുത കെട്ടിടത്തിനോട് ചേർന്ന് ഓഫീസായി പ്രവർത്തിക്കുന്നതിന് വേണ്ടി 44.39 ച.മീ കെട്ടിടവും നമ്പരിട്ട് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. ചതുരശ്ര മീറ്ററിന് 20 രൂപ നിരക്കിലാണ് വസ്തുനികുതി നിശ്ചയിച്ച് നൽകിയത്. എന്നാൽ വ്യവസായ യൂണിറ്റുകളുടെ അനുബന്ധമായി പ്രവർത്തിക്കുന്ന ഓഫീസ് കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ളത് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കാണ് .

പ്രസ്തുത അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-2/17-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 44.39 ച.മീ ഓഫീസ് കെട്ടിടത്തിന് 40 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 കൊമേഴ്സ്യൽ കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയതിൽ അപാകത

ഗ്രാമപഞ്ചായത്തിലെ 7-ാം വാർഡിൽ സർവ്വെ നം- 128/12- ാം നമ്പർ പ്ലോട്ടിലുള്ള പി.വി മാത്യു, പാലേക്കരക്കാട്ടിൽ, തെള്ളിയൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 17.81 ച.മീ കെട്ടിട ഭാഗമാണ് 2021-22 – ൽ റഗുലറൈസ് ചെയ്ത് നമ്പരിട്ട് കരം ഈടാക്കിയിരുന്നു. കെട്ടിടത്തിന്റെ ബിൽഡിംഗ് പ്ലാൻ, ഓഡിറ്റ് നടത്തിയ സ്ഥല പരിശോധന എന്നിവ പ്രകാരം ടി കെട്ടിടം റഗുലറൈസ് ചെയ്തത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ്.

ടി കെട്ടിടത്തിന്റെ ആകെ ബിൽറ്റ്- അപ്- ഏരിയ 60.84 ച.മീ ആണ്. ഇതിൽ 17.81 ച.മീ കെട്ടിട ഭാഗമാണ് 2021-22 – ൽ റഗുലറൈസ് ചെയ്ത് നമ്പരിട്ട് നൽകിയത് (7/665 G). ബാക്കി ഭാഗം മുൻപ് നമ്പരിട്ട് നൽകിയതാണ്.

2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 23 (2) പ്രകാരം ജില്ലാ റോഡുകളോട് ചേർന്നുള്ള കെട്ടിടനിർമ്മാണത്തിന് 3 മീറ്റർ അകലം നിർബന്ധമാണ്. തിരുവല്ല- റാന്നി റോഡിനോട് ചേർന്നാണ് ടി കെട്ടിടം. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത കെട്ടിടം റോഡിൽ നിന്നും മൂന്ന് മീറ്റർ അകലം പാലിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അസ്സിസ്റ്റന്റ് എൻജിനീയർ 23-07-2020- ൽ നൽകിയ റിപ്പോർട്ടിലും മൂന്ന് മീറ്റർ അകലം പാലിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സൂചിക, സഞ്ചയ എന്നിവ പ്രകാരം റഗുലറൈസേഷൻ ഫീസ്, വസ്തു നികുതി എന്നിവ ഈടാക്കി നമ്പരിട്ട് നൽകിയിട്ടുണ്ട്.

കൂടാതെ കെട്ടിട നിർമ്മാണങ്ങളിലെ ചട്ടം 26(4) പ്രകാരം കെട്ടിടത്തിന്റെ വശങ്ങളിലെ അകലം 1 മീറ്റർ ഉണ്ടായിരിക്കേണ്ടതാണെങ്കിലും ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇതും പാലിച്ചിട്ടില്ല എന്ന് കണ്ടു. ടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു( നം-10/22-12-2022) പി.ഡബ്ല്യൂ.ഡി റോഡിന്റെ അരികിലുള്ള കെട്ടിടമായതിനാൽ റോഡിന്റെ വശത്തുനിന്നുമുള്ള അകലത്തിൽ സംശയമുള്ള സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി വകുപ്പിൽ നിന്നുമുള്ള നിരാക്ഷേപപത്രം ആവശ്യമായിരുന്നു. പ്രസ്തുത അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-20 ആവശ്യമായ പാർക്കിംഗ് സ്ഥലം ഇല്ലാത്ത കെട്ടിടത്തിന് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി

ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിൽ പ്രസന്ന കുമാരി, പ്രസന്ന ഭവൻ, ചാലാപ്പള്ളി പി.ഒ എന്നയാളുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം- 193/2-1 ാം നമ്പർ പ്ലോട്ടിലുള്ള 94.60 ച.മീ കൊമേഴ്സ്യൽ കെട്ടിടം നമ്പരിട്ട് ലഭിക്കുന്നതിനായി 08-11-2021- ൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പെർമിറ്റ് പ്രകാരമുള്ള ടി കെട്ടിടത്തിൽ Buiit Up Area ചുവടെ പറയും പ്രകാരമാണ്.

| FLOOR | EXISTING | USE | PROPOSED | USE | TOTAL |
|---|---|---|---|---|---|
| GROUND FLOOR | 78.46 $M^2$ | Commercial | 47.30 $M^2$ | Commercial | 47.30 $M^2$ |
| FIRST FLOOR | 78.46 $M^2$ | Residential | 47.30 $M^2$ | Commercial | 47.30 $M^2$ |
| TOTAL | 156.92 $M^2$ | | 94.60 $M^2$ | | 251.52 $M^2$ |

പട്ടികയിൽ കാണിച്ചിട്ടുള്ള 156.92 $M^2$ കെട്ടിട ഭാഗം മുൻപ് നമ്പരിട്ട് വസ്തു നികുതി അടവാക്കി വരുന്നതാണ്. കംപ്ലീഷൻ പ്ലാൻ

പ്രകാരം താഴത്തെ നിലയിൽ 47.30 $M^2$ , ഒന്നാം നിലയിൽ 11.70 $M^2$ ഉൾപ്പെടെ ആകെ 59 $M^2$ കൊമേഴ്സ്യൽ കെട്ടിട ഭാഗമാണ് നമ്പരിട്ട് നൽകിയിട്ടുള്ളത് (2/312 B). ഇത് പ്രകാരം കെട്ടിടത്തിന്റെ മൊത്തം ബിൽറ്റ്- അപ് - ഏരിയ 215.92 $M^2$

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം ടി കെട്ടിടത്തിന് മൂന്ന് വാഹനങ്ങൾക്കുള്ള പാർക്കിംഗ് സ്ഥലം ആവശ്യമാണ്. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ഇപ്രകാരമൊരു പാർക്കിംഗ് സ്ഥലം കാണാൻ കഴിഞ്ഞില്ല. കൂടാതെ ബിൽഡിംഗ് പ്ലാനിൽ പാർക്കിംഗ് പ്ലാൻ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ടി അപാകത ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി പദ്ധതി നിർവ്വഹണത്തിൽ അപാകത

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പരും | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി (208/21-22) |
| വകയിരുത്തിയ തുക | തനത് ഫണ്ട്- 1000 രൂപ, ബ്ലോക്ക് വിഹിതം - 75500 രൂപ<br>ആകെ - 76500 |
| ചെലവഴിച്ച തുക | ബ്ലോക്ക് വിഹിതം - 66000 രൂപ |
| ബിൽ നമ്പരും തീയതിയും | 6/08-03-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര് | കൃഷി ഓഫീസർ |

പ്രോജക്ട് പ്രകാരം ചുവടെ പറയുന്ന ആറ് കർഷകർക്കാണ് തുക വിതരണം ചെയ്തത്.

| ക്രമ നം | പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1 | സുഗതകുമാരി.കെ<br>ഊന്നുകല്ലിൽ മണലിൽ<br>എഴുമറ്റൂർ | 6120 |
| 2 | ലിജോ ബിനു<br>താന്നിവേലിൽ<br>എഴുമറ്റൂർ | 6800 |
| 3 | അബ്രഹാം.സി.വി<br>ചെളിക്കുഴിയിൽ<br>തെള്ളിയൂർ | 2720 |
| 4 | തോമസ് ജോൺ<br>തൊട്ടിയിൽ<br>വാളക്കുഴി | 6800 |
| 5 | തോമസ് ജോർജ്ജ്<br>കുന്നും പുറത്ത്<br>വാളക്കുഴി | 2720 |
| 6 | പ്രസാദ്.പി.വി<br>കൊട്ടാറ്റു രമാ സദനം<br>എഴുമറ്റൂർ | 6120 |
| 7 | ഷെറി ഫിലിപ്പ്<br>പാറോലിൽ<br>തെള്ളിയൂർ | 6120 |
| 8 | സജികുമാർ.കെ.പി<br>കമല വിലാസം<br>എഴുമറ്റൂർ | 5440 |
| 9 | കുരുവിള.എം.തോമസ്<br>മരുതൂർ വീട്<br>എഴുമറ്റൂർ | 5440 |
| 10 | വർഗ്ഗീസ് | 2720 |

| | | |
|---|---|---|
| | പുറത്തുട്ട്<br>തെള്ളിയൂർ | |
| 11 | തങ്കമ്മ രവീന്ദ്രൻ<br>ഇട്ടവിനാം പൊയ്കയിൽ<br>എഴുമറ്റൂർ | 8500 |
| 12 | കൊച്ചുകുഞ്ഞ്<br>കൊച്ചുപ്ലാങ്കൽ<br>എഴുമറ്റൂർ | 6500 |
| | ആകെ | 66000 |

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം കർഷകർ കൃഷി ചെയ്യുന്ന ഭൂമിയിടെ വിസ്തൃതിക്ക് അനുസൃതമായി ഒരു ഹെക്ടറിനുള്ള പരമാവധി സബ്സിഡി 17000 രൂപയാണ് . മുകളിലെ പട്ടികയിൽ കാണിച്ചിട്ടുള്ളത് പ്രകാരം കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ തുക നൽകിയിട്ടുണ്ടെങ്കിലും കർഷകർ പച്ചക്കറി കൃഷി ചെയ്തത് എത്രമാത്രം കൃഷിഭൂമിയിലാണെന്നത് സംബന്ധിച്ച് രേഖകൾ സൂക്ഷിച്ചിട്ടില്ല. കർഷകർ സമർപ്പിച്ച അപേക്ഷയിൽ കൃഷി ഭൂമിയുടെ വിസ്തൃതി രേഖപ്പെടുത്താമായിരുന്നെങ്കിലും ആയത് ചെയ്തിട്ടില്ല. കൂടാതെ കർഷകർ കൃഷി ചെയ്തത് സംബന്ധിച്ച് കൃഷി അസിസ്റ്റന്റ് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുകയോ ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ സബ്സിഡി ഇനത്തിൽ അനുവദിച്ച് നൽകിയ തുകയുടെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം-14/22-12-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകളുടെ അടിസ്ഥാനത്തിൽ സബ്സിഡി ഇനത്തിൽ നൽകിയ 66000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 കിടാരി വളർത്തൽ പദ്ധതി- സബ്സിഡി അധികമായി നൽകി

2021-22 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കിടാരി വളർത്തൽ പദ്ധതി (പ്രോജക്റ്റ് നം- 71/21-22) എന്ന പ്രോജക്റ്റ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിരുന്നു. പ്രോജക്റ്റ് പ്രകാരം 139 ഗുണഭോക്താക്കൾക്കാണ് കിടാരികളെ വാങ്ങി വിതരണം നടത്തിയത്. ഒരു കിടാരിയുടെ വില 15000 രൂപയായിരുന്നു. ഇതിൽ 7500 രൂപ സബ്സിഡിയും 7500 രൂപ ഗുണഭോക്തൃവിഹിതവുമായിരുന്നു. കിടാരികളെ ഇൻഷ്വർ ചെയ്തത് ഗുണഭോക്താക്കൾ നേരിട്ടായിരുന്നു. വികസന ഫണ്ട്- 1042500രൂപ, ഗുണഭോക്തൃ വിഹിതം- 1042500രൂപ ഉൾപ്പെടെ 2085000 രൂപയാണ് പദ്ധതി ചെലവ്. പോളിസി പ്രകാരം 6 മാസം പ്രായമുള്ള കിടാരികളെയാണ് ഇൻഷ്വർ ചെയ്തിട്ടുള്ളത്.

പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിടാരികളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ടത് ജില്ലാ കളക്ടർ അദ്ധ്യക്ഷയായ ജില്ലാതല സാങ്കേതിക വിദഗ്ധ സമിതിയാണ്. പ്രസ്തുത സമിതി അംഗീകരിച്ച് നല്കിയതിൻ പ്രകാരം കിടാരിയുടെ യൂണിറ്റ് കോസ്റ്റ് പതിനാലായിരം രൂപയാണ്. ഇതിൻ പ്രകാരം അനുവദിക്കാവുന്ന സബ്സിഡി തുക 7000 രൂപയാണ് (യൂണിറ്റ് കോസ്റ്റിന്റെ 50 %) . ഗ്രാമപഞ്ചായത്തിൽ 139 ഗുണഭോക്താക്കൾക്കാണ് കിടാരികളെ വാങ്ങി വിതരണം ചെയ്തത്. ആയത് പ്രകാരം 139 X 500= 69500 രൂപ സബ്സിഡി ഇനത്തിൽ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-4/17-12-2022) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ഇൻഷ്വറൻസ് പോളിസി രേഖകളിൽ കിടാരികളുടെ പ്രായം ആറുമാസം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും ഒരു വർഷം പ്രായമായ കിടാരികളെ ആണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിച്ചു. പോളിസി രേഖകളിലെ രേഖപ്പെടുത്തലിൽ വന്ന അപാകത മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും കർഷകർക്ക് പ്രയോജനപ്രദമായ ഒരു പ്രോജക്റ്റാണെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി പരിഗണിക്കുന്നു. പ്രസ്തുത അപാകത തുടർനടപടികൾക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 CARD-ന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിലുള്ള CARD(Christian Association For Rural Development) കൃഷിവിജ്ഞാൻ കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയതായി സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. 8-ാം വാർഡിലുള്ള 152,155,158,162,163,163A,165 എന്നീ ഡോർ നമ്പരിലുള്ള കെട്ടിടങ്ങളെയാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയത്. സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിടം സംബന്ധമായ മറ്റ് യാതൊരു വിവരങ്ങളും ലഭ്യമല്ല. കെട്ടിടത്തിന്റെ തരം, പ്ലിന്ത് ഏരിയ, ഏത് വർഷം നിർമ്മിച്ച കെട്ടിടങ്ങളാണ് തുടങ്ങിയ യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

ഇപ്രകാരം ടി കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം- 24/23-12-2022) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഓഡിററ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കാത്തതിനാലും സഞ്ചയ സോഫ്റ്റ് വെയറിൽ അസസ്സ്മെന്റ് വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും ടി കെട്ടിടങ്ങൾ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമല്ല. വസ്തുനികുതി ചട്ട പ്രകാരമോ മറ്റ് നിയമപരമായ കാരണങ്ങളാലോ വസ്തുനികുതി ഒഴിവാക്കി നൽകിയതാണെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കെട്ടിടങ്ങളെ Back Assessment നടത്തി വസ്തുനികുതിയുടെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. പ്രസ്തുത വിഷയം ഭരണവകുപ്പിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നു

## 1-24 കമ്പ്യൂട്ടർ, പ്രിന്റർ, മോണിട്ടർ വാങ്ങൽ- രേഖകളുടെ അഭാവം

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | തെള്ളിയൂർ പി.എച്ച്.സി-യ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ, മോണിട്ടർ വാങ്ങൽ (215/22) |
| വകയിരുത്തൽ | 79000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 78984/-<br>ട്രഷറി ബിൽ നം. 21050852014001135632/16.2.2022 – 20018/-<br>ട്രഷറി ബിൽ നം. 21050852014001135650/16.2.2022 – 50616/-<br>ട്രഷറി ബിൽ നം. 21050852014001233875/3.3.2022 – 8350/- |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ, മോണിട്ടർ എന്നിവ വാങ്ങിയിട്ടുണ്ട്. 9.2.2022-ലെ TVM/ITBG/PI/RC/3473/20-21നമ്പർ ഇൻവോയിസ് പ്രകാരം A4 Multi Function Pro-Printer-ന്റെ വിലയായ 20018/- രൂപയും, 14.2.2022-ലെ TVM/ITBG/PI/RC/34969/20-21നമ്പർ ഇൻവോയിസ് പ്രകാരം Intel Processor-High End-Windows 10 Pro-Desktop-ന്റെ വിലയായ 50616/- രൂപയും കെൽട്രോണിന്റെ CPRCS അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ തുക മുൻകൂറായാണ് നൽകിയിട്ടുള്ളത്. എന്നാൽ, പ്രസ്തുത വാങ്ങലുകളുടെ ഫൈനൽ ബിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫൈനൽ ബില്ലുകളുടെ അഭാവത്തിൽ 70634/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് 2017-18 മുതൽ 2021-22 വരെയുള്ള വർഷങ്ങളിൽ വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചതിൽ വിനിയോഗ വിവരം ലഭിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച ഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1 | *2017-18*<br>തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | KSEB | 127200/- |
| 2 | വാളക്കുഴി പറങ്കാമൂട്ടിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 100000/- |
| 3 | വാർഡ് 14-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 132000/- |
| 4 | വാർഡ് 6-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 99960/- |
| 5 | ചുഴന ലക്ഷം വീട് കോളനി പൈപ്പ്ലൈൻ നീട്ടൽ | KWA | 2550000/- |
| 6 | *2018-19*<br>വാർഡ് 1-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 2310000/- |
| 7 | മടുക്കപ്പുഴ-ഇണ്ടനാട് ചുഴന കോളനി സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 50000/- |
| 8 | വാർഡ് 11-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 100000/- |
| 9 | അഞ്ചാനിൽ-നാരകത്താനി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | KSEB | 708000/- |
| 10 | പ്രിയദർശിനി വേങ്ങഴത്തടം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 50882/- |
| 11 | വാർഡ് 8-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49960/- |

| | | | |
|---|---|---|---|
| 12 | *2019-20*<br>വാർഡ് 2-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 100000/- |
| 13 | വാർഡ് 3-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49560/- |
| 14 | വാർഡ് 9-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 65926/- |
| 15 | വാർഡ് 14-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 49980/- |
| 16 | *2020-21*<br>വാഴക്കാല പെരുമ്പാറ റോഡിൽ അവശേഷിക്കുന്ന ഭാഗത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ | KSEB | 29750/- |
| 17 | 8-ാം വാർഡിലെ വള്ളിക്കാല കോളഭാഗം റോഡിൽ വൈദ്യുതി ലൈൻ നീട്ടൽ | KSEB | 107100/- |
| 18 | വാർഡ് 10-ലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ | KSEB | 79730/- |
| 19 | വിവിധ വാർഡുകളിൽ കുടിവെള്ള പദ്ധതി | KWA | 2300000/- |
| 20 | *2021-22*<br>തെള്ളിയൂർ പി.എച്ച്.സി-യിലേക്ക് 3 ഫേസ് കണക്ഷൻ | KSEB | 18387/- |
| 21 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 15947/- |

പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/22.12.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തികളുടെ വിനിയോഗ വിവരം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ തുടർനടപടികൾ ത്വരിതപ്പെടുത്താൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-26 ചെലവിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്റ്റുകളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|---|
| 1 | 143/22 | വരൾച്ച ദുരിതാശ്വാസം കുടിവെള്ള വിതരണം | 474638/- | തനത് ഫണ്ട് |
| 2 | 46/22 | പദ്ധതി ആസൂത്രണ നിർവ്വഹണ മോണിട്ടറിംഗ് ചെലവ്<br>*(37485/- രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്)* | 201658/- | തനത് ഫണ്ട് |
| 3 | 186/22 | ഹരിതകർമ്മസേനയ്ക്ക് പ്രവർത്തന ചെലവ്<br>*(4750/- രൂപയുടെ ചെലവ് വൗച്ചറുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്)* | 7800/- | തനത് ഫണ്ട് |

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (29/24.12.2022) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ 641861/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 മരുന്നുകളും ഉപകരണങ്ങളും വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര്, നമ്പർ | അറുപത് വയസ്സിനുമേൽ പ്രായമുള്ളവർക്ക് മരുന്നുകളും ഉപകരണങ്ങളും നൽകൽ (78/22) |

| | |
|---|---|
| വകയിരുത്തൽ | 239300/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 238994/-<br>ട്രഷറി ബിൽ നം. 21050852014001304344/11.3.2022 |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ചുവടെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Wheel Chair | 1 | 4330.10 |
| 2 | Glucometer | 75 | 26258.40 |
| 3 | Walking Cane | 10 | 2671.62 |
| 4 | BP Apparatus Digital | 95 | 134596.00 |
| 5 | Glucometer Strips | 7387 | 59155.09 |
| | | | 238994 |

പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പ്രസ്തുത ഉപകരണങ്ങൾ അറുപത് വയസ്സിന്മേൽ പ്രായമുള്ളവർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. പി.എച്ച്.സി-യിൽ നിന്നും ലഭ്യമാക്കിയ 46 പേർ അടങ്ങിയ ഗുണഭോക്താക്കളുടെ ലിസ്റ്റിന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/22.12.2022) മറുപടി നൽകിയിട്ടില്ല. ഓഡിറ്റ് സമാപന യോഗത്തിൽ ഈ വിഷയം ഉന്നയിച്ചപ്പോൾ ഉപകരണങ്ങൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി ഭരണസമിതി അംഗങ്ങൾ പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിലയായ (Glucometer Strips ഒഴികെ) 179839/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | തെള്ളിയൂർ പി.എച്ച്.സി-യ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ (217/22) |
| വകയിരുത്തൽ | 275000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവ് | 268835/-<br>ട്രഷറി ബിൽ നം. 21050852014001264798/7.3.2022 – 85632/-<br>ട്രഷറി ബിൽ നം. 21050852014001264934/7.3.2022 - 183203/- |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം തെള്ളിയൂർ പി.എച്ച്.സി-യ്ക്ക് ഫർണ്ണീച്ചർ വാങ്ങിയിട്ടുണ്ട്. ഇതിൽ 85632/- രൂപയുടെ ഫർണ്ണീച്ചർ Shuter Enterprises India Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ( 183203/- രൂപയുടെ ഫർണ്ണീച്ചർ Artco-യിൽ നിന്നാണ് വാങ്ങിയത്.) പ്രസ്തുത സ്ഥാപനത്തതിൽ നിന്നും ചുവടെ പറയുന്ന ഫർണ്ണീച്ചറുകളാണ് വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Steel Cabinet Bigger Size | 1 | 22320 |
| 2 | Storage Cabinet Type II | 3 | 29250 |
| 3 | Storage Cabinet Type I | 3 | 21000 |
| | | GST 18% | 13062 |
| | | | 85632 |

Shuter Enterprises India Pvt Ltd എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണീച്ചർ വാങ്ങിയത് ടെണ്ടർ ക്ഷണിക്കാതെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം 25000 മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലിന് ചെലവായ തുക (85632/- രൂപ) തടസ്സപ്പെടുത്തുന്നു.

## 1-29 ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങൽ- അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പി.എച്ച്.സി-യിലേക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങിക്കൽ (73/22) |
| വകയിരുത്തൽ | 60000/- (റോഡിതര സംരക്ഷണ ഗ്രാന്റ്) |

| | |
|---|---|
| ചെലവ് | 59805/-<br>ട്രഷറി ബിൽ നം. 2105085201400054314 1/21.10.2021 |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം ഫോട്ടോകോപ്പിയർ പ്രിന്ററിന്റെ വാങ്ങൽ നടത്തിയിട്ടുണ്ട്. കെൽട്രോൺ CPRCS പോർട്ടലിൽ നിന്നും A3 Network MFP- Medium- Medium End- Ubuntu എന്ന സ്പെസിഫിക്കേഷനോട് കൂടിയ മെഷീന് 59805/- രൂപയുടെ TVM/ITBG/PI/RC /30506/20-21 നമ്പർ ഇൻവോയിസ് ലഭിച്ചു. 11.10.2021-ലെ 20(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം പ്രസ്തുത തുക കെൽട്രോൺ CPRCS-ന്റെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തി. എന്നാൽ, ഫൈനൽ ബിൽ പ്രകാരം ഫോട്ടോകോപ്പിയറിന്റെ യഥാർത്ഥ വില 57505.92 (=57506) രൂപയാണ്. അധികം തുക നൽകാനുണ്ടായ കാരണം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 2299/- രൂപ കെൽട്രോണിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണ്ണയിച്ച് നിരാകരിക്കുന്നതാണ്.

## 1-30 മഴക്കാലപൂർവ്വ ശുചീകരണം -രേഖകൾ ഹാജരാക്കിയില്ല

മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 140000/- രൂപ 26.5.2021-ലെ 3207 നമ്പർ ചെക്ക് പ്രകാരം തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 7 മുതൽ 11 വരെയുള്ള അഞ്ച് വാർഡുകളിലെ 50000/- രൂപയുടെ ചെലവിനാധാരമായ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കിയുള്ള 90000/- രൂപയുടെ രേഖകൾ ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുന്നതിന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/22.12.2022) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 90000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 മരുന്ന് വാങ്ങൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സ്റ്റേഷനറി വാങ്ങിയത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | തെള്ളിയൂർ പി.എച്ച്.സി-യിലേക്ക് മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ (218/22) |
| വകയിരുത്തൽ | 521000/- (റോഡിതര സംരക്ഷണ ഫണ്ട്) |
| ചെലവ് | 495900/-<br>ട്രഷറി ബിൽ നം. 2105085201400123386 9/3.3.2022 – 459400/-<br>ട്രഷറി ബിൽ നം. 2105085201400133315 89/15.3.2022 – 14997/-<br>ട്രഷറി ബിൽ നം. 2105085201400143492 0/24.3.2022 – 18520/-<br>ട്രഷറി ബിൽ നം. 2105085201400143490 6/23.3.2022 – 2983/- |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും മരുന്നുകളും ബി.പി അപ്പാരറ്റസും, തിരുവല്ല സെൻട്രൽ പേപ്പർ മാർട്ടിൽ നിന്നും സ്റ്റേഷനറി, പത്തനംതിട്ട ത്രിവേണി സൂപ്പർ മാർക്കറ്റിൽ നിന്നും ഡിറ്റർജന്റ്, ലോഷൻ മുതലായവയും വാങ്ങിയിട്ടുണ്ട്. മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ സ്റ്റേഷനറിയും ഓഫീസിന് ആവശ്യമായ മറ്റു ശുചീകരണ സാധനങ്ങളും വാങ്ങിയത് ശരിയായ നടപടിയല്ല. ഇപ്രകാരമുള്ള ദൈനംദിന ചെലവുകൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ കണ്ടിജന്റ് ചെലവുകൾക്കായി ആവിഷ്കരിച്ച പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നടത്തേണ്ടത്. പദ്ധതി സംബന്ധിച്ച ചെലവുകൾ ഉള്ള പക്ഷം ആയത് പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തിയും നടത്താവുന്നതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/22.12.2022) മറുപടി നൽകിയിട്ടില്ല. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണം നൽകിയതിന് രേഖകളില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | രജിസ്റ്റർ ചെയ്ത പാലിയേറ്റീവ് സൊസൈറ്റികൾക്ക് ഉപകരണം വാങ്ങി നൽകൽ (90/22) |
| വകയിരുത്തൽ | 50000/- (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 49910/-<br>ട്രഷറി ബിൽ നം. 2105085201400112341 0/11.2.2022 |

തെള്ളിയൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം കേരള

മെഡിക്കൽ സർവ്വീസസ് കോർപറേഷൻ ലിമിറ്റഡിൽ നിന്നും ചുവടെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | Walking Adj Folding | 9 | 8756.56 |
| 2 | BP Apparatus Digital | 18 | 25502.40 |
| 3 | Diaper Adult | 55 | 13124.67 |
| | | | 49910/- |

പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം പ്രസ്തുത സാധനങ്ങൾ പാലിയേറ്റീവ് സൊസൈറ്റികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല. പാലിയേറ്റീവ് സൊസൈറ്റികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരവും വാങ്ങിയ സാധനങ്ങൾ സൊസൈറ്റികൾക്ക് വിതരണം ചെയ്തതതിന്റെ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/22.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച 49910/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 പിടിച്ചു വച്ച ഓണറേറിയം തുക തിരികെ നൽകിയത് ക്രമപ്രകാരമല്ല

കോവിഡ് മഹാമാരിയുടെ പശ്ചാതലത്തിൽ എല്ലാ ജീവനക്കാരുടെയും (കരാർ ഉൾപ്പെടെ) ജനപ്രതിനിധികളുടെയും 4/2020 മുതൽ 8/2020 വരെയുള്ള അഞ്ച് മാസത്തെ ശമ്പളം/വേതനം/ഓണറേറിയത്തിൽ നിന്നും പ്രതിമാസം ഇരുപത് ശതമാനം തുക വീതം പിടിക്കാൻ സ.ഉ (അച്ചടി)140/2020/ധന/25.10.2020 പ്രകാരം ഉത്തരവായിരുന്നു. ഇപ്രകാരം മാറ്റിവെച്ച തുക തിരികെ നൽകാൻ 4.3.2021-ലെ 20/2021/ധന സർക്കുലർ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, പ്രസ്തുത ഉത്തരവ് ജീവനക്കാർക്കും അധ്യാപകർക്കും മാത്രമാണ് ബാധകം. ചെക്ക് നമ്പർ 3023/21.4.21 പ്രകാരം ജനപ്രതിനിധികളുടെ മാറ്റി വച്ച ഓണറേറിയം തുകയായ 111400/- രൂപ തിരികെ നൽകിയിട്ടുണ്ട്. ഇപ്രകാരം തുക തിരികെ നൽകാനുണ്ടായ കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/23.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ നൽകിയത് തനത് ഫണ്ടിലേക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (26/22) |
| വകയിരുത്തൽ | 950000/- (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ് | 775000/-<br>ട്രഷറി ബിൽ നം. 21050852014100759824/8.12.2021 – 100000/-<br>ട്രഷറി ബിൽ നം. 21050852014100835061/23.12.2021 – 50000/-<br>ട്രഷറി ബിൽ നം. 21050852014101008163/25.1.2022 – 50000/-<br>ട്രഷറി ബിൽ നം. 21050852014101039709/1.2.2022 – 75000/-<br>ട്രഷറി ബിൽ നം. 21050852014101073709/7.2.2022 – 75000/-<br>ട്രഷറി ബിൽ നം. 21050852014101073715/7.2.2022 – 75000/-<br>ട്രഷറി ബിൽ നം. 21050852014101103993/11.2.2022 – 50000/-<br>ട്രഷറി ബിൽ നം. 21050852014101166101/21.2.2022 – 75000/-<br>ട്രഷറി ബിൽ നം. 2105085201410304979/11.3.2022 – 75000/-<br>ട്രഷറി ബിൽ നം. 21050852014101373067/18.3.2022 – 75000/-<br>ട്രഷറി ബിൽ നം. 2105085201410378691/19.3.2022 – 75000/- |

പട്ടികജാതി വികസന ഓഫീസർ നിർവ്വഹിച്ച പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 3 പേർക്ക് രണ്ട് ലക്ഷം രൂപ വീതം ഒരാൾക്ക് 125000/- രൂപയും ഒരാൾക്ക് 50000/- രൂപയും ധനസഹായം നൽകിയിട്ടുണ്ട്. അപേക്ഷകളും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ നിർമ്മിക്കുന്ന പുതിയ മുറിയുടെ പ്ലാനോ, വിസ്തൃതിയോ സംബന്ധിച്ച് വിവരങ്ങൾ ഇല്ല. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന സാക്ഷ്യപത്രത്തിൽ നിർമ്മാണത്തിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരം മാത്രമേയുള്ളൂ. സ.ഉ (സാധാ.) 2636/2018/തസ്വഭവ തീയതി 15.10.2018 ഉത്തരവ് പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കാവുന്നതാണ് എന്ന്

പറഞ്ഞിട്ടുണ്ട്. എന്നാൽ, പ്രസ്തുത വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല. അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/23.12.2022) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ചെലവഴിച്ച 775000/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 66000 | പച്ചക്കറി കൃഷിക്ക് കൂലി ചെലവ് | 66000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | ഇടവിള കൃഷി - കിഴങ്ങ് വർഗ്ഗ കിറ്റ് വിതരണം | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 483000 | ലൈഫ് ഭവന പദ്ധതി | 483000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 100000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 400000 | ലൈഫ് ഭവന പദ്ധതി | 400000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 150000 | 9-ാം വാർഡ് അംഗൻവാടി കെട്ടിട നിർമ്മാണം | 150000 | 0 |
| കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | 61325 | ബയോഫ്ലോക്ക് മത്സ്യകൃഷി | 61325 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1500000 | ഇടവിള കൃഷി - വിത്ത് വിതരണം | 1500000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 150000 | അംഗൻവാടി പൂരക പോഷകാഹാര പരിപാടി | 150000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 100000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 100000 | 0 |

| | | | | |
|---|---|---|---|---|
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 200000 | ലൈഫ് ഭവന പദ്ധതി | 200000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 160000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 160000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | തെള്ളിയൂർ പി.എച്ച്.സി-യിലേക്ക് 3 ഫേസ് കണക്ഷൻ | 21050852013600701801/ 25.11.2021 | 18387/- | 0 | 18387/- |
| | ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്ക് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 3717305/8.6.2021 | 18178/- | 18178/- | 0 |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | ചെക്ക് നം. 3592/19.1.2022 | 15947/- | 0 | 15947/- |
| ഭൂജല വകുപ്പ് | കുഴൽകിണറുകളുടെ നവീകരണം | XVFC/2021-22 /P17/9.2.2022 | 195500/- | 173233/- | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 3772223/- | 0 | 3772223/- | 366667/- | 0 | 3405556/- |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3.18.2.5 | തെരുവുവിളക്കുകൾ സ്ഥാപിക്കൽ-വെണ്ണിക്കുളം അസി.എഞ്ചിനീയർക്ക് അടവാക്കിയത്-പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി-അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61957099 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 53181366 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2299 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1958876 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 1-29 | | 2299 | ഡോ.മായ രാജഗോപാൽ,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 66000/- | ശ്രീമതി ഫാൻസി നാസർ, അസിസ്റ്റന്റ് കൃഷി ഓഫീസർ |
| 1-24 | 70634/- | ഡോ. മായ രാജഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-26 | 641861/- | ശ്രീ. ജയൻ പി കെ, സെക്രട്ടറി |

| | | |
|---|---|---|
| 1-27 | 179839/- | ഡോ. മായ രാജഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-28 | 85632/- | ഡോ. മായ രാജഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-30 | 90000/- | ഡോ. മായ രാജഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-32 | 49910/- | ഡോ. മായ രാജഗോപാൽ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-34 | 775000/- | ശ്രീ. സലിം എം, അസിസ്റ്റന്റ് സെക്രട്ടറി |
| | 1958876/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഫാൻസിനാസർ,<br>അസിസ്റ്റന്റ്കൃഷി ഓഫീസർ | അസിസ്റ്റന്റ് കൃഷി ഓഫീസർ,<br>കൃഷിഭവൻ,<br>എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | എഴുത്താണിയിൽ വീട്,<br>കണ്ണനല്ലൂർ പി.ഒ, കൊല്ലം ജില്ല<br>691576 |
| ഡോ.മായ രാജഗോപാൽ,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,തെള്ളിയൂർ,<br>എഴുമറ്റൂർ ഗ്രാമപഞ്ചായത്ത് | പ്രശാന്തി നിലയം,<br>മഞ്ഞാടി പി.ഒ,<br>തിരുവല്ല, പത്തനംതിട്ട ജില്ല<br>689105 |
| ശ്രീ. സലിം എം,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ചിതറ ഗ്രാമപഞ്ചായത്ത്,<br>കൊല്ലം ജില്ല | കണ്ണങ്കര വീട്, കാട്ടിൽകടവ് പി.ഒ,<br>കരുനാഗപ്പള്ളി , കൊല്ലം ജില്ല<br>690542 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 (ജ.ആ) | എൽ.എഫ്.പിറ്റിഎ/പി8/178/04 തീയതി 2.11.2004/14.1.2005 | 2 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റിഎ/പി8/462/07 തീയതി 12.12.2011/21.7.2012 | 7 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി3/389/05 തീയതി 5.5.2006 | 4 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി5/676/11 തീയതി 9.12.2011/27.7.2012 | 2 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി5/677/11 തീയതി 12.12.2011/28.7.2012 | 4 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പിറ്റിഎ/പി8/975/12 തീയതി 23.3.2013/3.6.2014 | 15 |
| 2015-16 | കെ.എസ്.എ.പിറ്റിഎ/പി8/1359/16 തീയതി 24.12.2016 | 10 |
| 2016-17 | കെ.എസ്.എ.പിറ്റിഎ/പി8/1131/17 | 9 |

| | | |
|---|---|---|
| | തീയതി 4.10.2017 | |
| 2017-18 | കെ.എസ്.എ.പിറ്റിഎ/പി8/1379/18<br>തീയതി 24.10.2018 | 8 |
| 2018-19 | കെ.എസ്.എ.പിറ്റിഎ/പി8/4/2020<br>തീയതി 3.2.2020 | 6 |
| 2019-20 | കെ.എസ്.എ.പിറ്റിഎ/പി8/750/21<br>തീയതി 20.12.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പിറ്റിഎ/പി8/751/21<br>തീയതി 20.12.2021 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്